## വനംവകുപ്പ് സൗജന്യമായി വൃക്ഷതൈകൾ നൽകും - മന്ത്രി കെ.രാജു

പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി ഈ വർഷം സൗജന്യമായി വൃക്ഷതൈകൾ വിതരണം ചെയ്യുമെന്ന് വനംവകുപ്പ് മന്ത്രി അഡ്വ. കെ.രാജു അറിയിച്ചു. പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യം വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ സാമൂഹ്യ വനവത്കരണത്തിന് ആക്കം കൂട്ടാനാണിത്. ഹരിതകേരളം പദ്ധതിയുടെ ഭാഗമായി ഫലവൃക്ഷ തൈകൾ ഉൾപ്പെടെ 72 ലക്ഷം തൈകൾ വിതരണത്തിനായി തയ്യാറാക്കിയിട്ടുണ്ട്. സ്കൂളുകൾ, കോളേജുകൾ, മാധ്യമ സ്ഥാപനങ്ങൾ, സംഘടനകൾ തുടങ്ങിയ കൂട്ടായ്മകൾക്കെല്ലാം തൈകൾ സൗജന്യമായിട്ടാണ് നൽകുക. ആവശ്യമുള്ളവർ അതത് പ്രദേശത്തെ വനം വകുപ്പ് ഓഫീസുമായി ബന്ധപ്പെട്ട് കൈപ്പറ്റണം. തൈകൾ നട്ടുപിടിപ്പിച്ചശേഷം മതിയായ സംരക്ഷണം നൽകണമെന്നും വേണ്ടത്ര പരിചരണമില്ലാതെ നശിച്ചുപോകുന്ന സാഹചര്യം ഒഴിവാക്കണമെന്നും മന്ത്രി ഓർമ്മിപ്പിച്ചു. ഹരിതവത്കരണ പ്രക്രിയക്ക് ആക്കം കൂട്ടാൻവനം വകുപ്പ് ക്രിയാത്മകമായ പദ്ധതികൾ നടപ്പിലാക്കുന്നുണ്ടെന്നും മന്ത്രി അറിയിച്ചു.

പി.എൻ.എക്സ്.1885/17